# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 378 — 29.09.2016- ൽ മറുപടിക്ക്

## കായിക നിലവാരം

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | | ഉത്തരം<br>പ്രൊഫ .സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കായിക നിലവാരം മെച്ചപ്പെടുത്തുന്നതിന്, എല്ലാ സ്കൂളുകളിലും കായിക അദ്ധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ? | സ്കൂളുകളിൽ കായിക അദ്ധ്യാപകരെ നിയമിക്കുന്നത് കുട്ടികളുടെഎണ്ണത്തിനനുസരിച്ചാണ്. ആയതിനാൽ എല്ലാ സ്കൂളുകളിലും കായിക അദ്ധ്യാപക തസ്തിക അനുവദിക്കാനാവില്ല. |
| (ബി) | സ്കൂളുകളിൽ കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് തുക അനുവദിക്കാറുണ്ടോ; വിശദ വിവരങ്ങൾ നൽകുമോ ? | ഉണ്ട് . കായിക യുവജന കാര്യാലയത്തിൽ നിന്നും കായിക വികസനവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി സംഘടനകൾ / എയ്ഡഡ് /സർക്കാർ സ്കൂളുകൾ / ക്ലബ്ബുകൾ എന്നിവയ്ക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. കായിക ഉപകരണങ്ങൾ. ഫിറ്റ്നെസ്സ് ട്രെയിനിംഗ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും ദേശീയ നിലവാരം പുലർത്തുന്ന കായിക താരങ്ങൾക്ക് ടൂർണമെന്റുകൾ /കോച്ചിംഗ് ക്യാമ്പുകൾ എന്നിവയിൽ പങ്കെടുക്കുന്നതിനും കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകാരമുള്ള കായിക അസോസിയേഷനുകൾക്ക് ട്രെയിനിംഗ്,കോച്ചിംഗ് ക്യാമ്പുകൾ, ടൂർണമെന്റുകൾ നടത്തുന്നതിനും സ്കൂളുകളിൽ കായിക വികസനത്തിനായി ട്രെയിനിംഗ്, കോച്ചിംഗ് ക്യാമ്പ് എന്നിവ സംഘടിപ്പിക്കുന്നതിന് ധനസഹായം നൽകി വരുന്നുണ്ട്. സർക്കാരിന്റെ 15/6/2013 - ലെ ഉത്തരവ് നമ്പർ (കൈ) 09/13/കാ.യു.വ., 17/2/2014- ലെ ഉത്തരവ് നമ്പർ(കൈ)നമ്പർ 32/14/കാ.യു.വ എന്നീ ഉത്തരവുകൾ അനുസരിച്ച് അംഗീകരിച്ച മാനദണ്ഡങ്ങൾ പ്രകാരം എല്ലാ വർഷവും ജൂൺ മാസത്തോടെ അപേക്ഷ ക്ഷണിക്കുകയും അർഹരായ അപേക്ഷകർക്ക് ധനസഹായം അനുവദിക്കുകയും ചെയ്യുന്നുണ്ട് |

സെക്ഷൻ ഓഫീസർ